"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി - ഇൻഫോപാർക്ക്മൂന്നാം ഘട്ടം പദ്ധതിയ്ക്കായി ലാൻഡ് പൂളിംഗ് നടത്തുന്നതിന് ടെക്നിക്കൽ ടീം രൂപീകരിക്കുന്നതിന് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഐ.എ.) വകുപ്പ്

സ.ഉ.(സാധാ) നം.286/2026/LSGD തീയതി,തിരുവനന്തപുരം, 04-02-2026

പരാമർശം:-
1. 18.10.2024-ലെ സ.ഉ (സാധാ) നം. 1978/2024/തസ്വഭവ
2. 14.09.2025-ലെ സ.ഉ.(സാധാ)നം. 206/2025/വിസവിവ
3. 14/01/2026-ലെ സ.ഉ.(സാധാ)നം. 120/2026/തസ്വഭവ
4. ജി.സി.ഡി.എ. സെക്രട്ടറിയുടെ 28/03/2025, 04.11.2025, 17.11.2025, 19.11.2025, 26.12.2025, 16.01.2026 തീയതികളിലെ 7126/പി.എൽ.1/24/ജിസിഡിഎ നമ്പർ കത്ത്.

<u>ഉത്തരവ്</u>

ഇൻഫോപാർക്ക് മൂന്നാം ഘട്ട പദ്ധതിയ്ക്കായി ലാൻഡ് പൂളിംഗ് നടത്തുന്നതിന് വിശാല കൊച്ചി വികസന അതോറിറ്റിയെ ചുമതലപ്പെടുത്തിക്കൊണ്ട് പരാമർശം (1), (3) ഉത്തരവുകൾ പ്രകാരവും, ജി.സി.ഡി.എ.-യുമായി സഹകരിച്ച് ലാൻഡ് പൂളിങ് നടത്തുന്നതിന് ഇൻഫോപാർക്കിന് 'തത്വത്തിൽ' അനുമതി നൽകി പരാമർശം (2) പ്രകാരവും ഉത്തരവായിരുന്നു.

2. SSASCI 2025-26 (Scheme for Special Assistance to safe and Capital Investment 2025-26-ൽ Urban Planning Reform Vertical-ൽ Implementation of TPS/LPS-നായി Rs. 40 Cr. for draft Plan ഉം (Cumulative) for each scheme for draft approved and taking possession of land for at least one road എന്ന് നിഷ്ക്കർഷിച്ചിട്ടുള്ളതായും, ആയതിനാൽ ഒരു ആക്ഷൻ പ്ലാൻ സമർപ്പിച്ചാൽ ഫണ്ട് അനുവദിക്കുന്ന വിഷയം പരിഗണിക്കാമെന്ന് സി.ടി.പി. (പ്ലാനിംഗ്) അറിയിച്ചിട്ടുള്ളതായും, ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിന് ചുവടെ ചേർക്കുന്ന തസ്തികകൾ ഉൾപ്പെടുത്തി, സർക്കാർ തലത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റി Kerala Land Pooling Rules 2024 ചട്ടം - 8 പ്രകാരം രൂപീകരിക്കണമെന്നും, സീനിയർ ടൗൺ പ്ലാനർ തസ്തികയും, ടെക്നിക്കൽ ടീമിനുള്ള അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ മുഴുവനും പദ്ധതിയിൽ നിന്നും കണ്ടെത്തുമെന്നും, സർക്കാരിന് ഇതിൽ യാതൊരു വിധ സാമ്പത്തിക ബാദ്ധ്യതകളും ഉണ്ടാകുകയില്ല എന്നും ജിസിഡിഎ സെക്രട്ടറി പരാമർശം (4) കത്ത് പ്രകാരം അറിയിച്ചിരുന്നു.

| Sl. No | NAME OF POST | MODE OF APPOINTMENT | NUMBER OF POSTS |
|---|---|---|---|
| 1 | SENIOR TOWN PLANNER | FROM GCDA | 1 |

| | | | |
|---|---|---|---|
| 2 | TOWN PLANNING OFFICER | FROM GCDA | 1 |
| 3 | DEPUTY TOWN PLANNER | FROM GCDA | 1 |
| 4 | PLANNING ASSISTANT | CONTRACT | 2 |
| 5 | PLANNING ADVISORS (TECHNICAL) | CONTRACT /SITTING BASED | 2 |
| 6 | EIA CONSULTANT | TENDER PROCESS | - |
| 7 | LEGAL EXPERT | CONTRACT | 1 |
| 8 | FINANCE OFFICER | CONTRACT | 1 |
| 9 | PLANNING ASSISTANT - GIS | CONTRACT | 2 |
| 10 | SURVEYORS | DAILY WAGES | 2 |
| 11 | DATA ENTRY OPERATORS | DAILY WAGES | 3 |
| 12 | CLERK AND OFFICE / FIELD ASSISTANT | FROM GCDA | 4 |

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന നിബന്ധനകളോടെ ഇൻഫോപാർക്ക് മൂന്നാം ഘട്ടം പദ്ധതിയ്ക്കായി ലാൻഡ് പൂളിംഗ് നടത്തുന്നതിന് മേൽ പട്ടികയിലെ തസ്തികകൾ ഉൾപ്പെടുത്തി ടെക്നിക്കൽ ടീം രൂപീകരിക്കുന്നതിന് ജി.സി.ഡി.എ.-യ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഇൻഫോപാർക്ക് മൂന്നാം ഘട്ടം പദ്ധതിയുടെ ഉടമസ്ഥ ഏജൻസിയായി ഇൻഫോപാർക്ക് പ്രവർത്തിക്കേണ്ടതും, ഇൻഫോപാർക്കിനുവേണ്ടി ലാന്റ് പൂളിംഗ് പ്രവർത്തികൾ ജി.സി.ഡി.എ. നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്. ഇതിനാവശ്യമായ ഭരണച്ചെലവുകൾ ഇൻഫോപാർക്ക് നൽകുന്ന ഫണ്ടിൽ നിന്ന് വഹിക്കേണ്ടതാണ്.
2. മേൽ പട്ടികയിലെ തസ്തികകൾക്കാവശ്യമായ മാനവവിഭവശേഷിയ്ക്കുള്ള എല്ലാ ചെലവുകളും ഇൻഫോപാർക്ക് നൽകുന്ന ഭരണച്ചെലവുകളിൽ നിന്ന് വഹിക്കേണ്ടതാണ്.
3. ടെക്നിക്കൽ ടീമിലെ തസ്തികകളിലെ നിയമനം സംബന്ധിച്ച മറ്റു നിബന്ധനകൾ ചുവടെ ചേർക്കുന്നു--

1) <u>സീനിയർ ടൗൺ പ്ലാനർ (Senior Town Planner)</u>

സർക്കാരിൽ നിന്നുള്ള വർക്ക് സ്റ്റഡി റിപ്പോർട്ടിൻറെയടിസ്ഥാനത്തിൽ, സീനിയർ ടൗൺ പ്ലാനർ തസ്തിക ഒഴിവാക്കിക്കൊണ്ടാണ് സ്റ്റാഫ് പാറ്റേൺ സർക്കാർ നിശ്ചയിക്കുന്നതെങ്കിൽ, പദ്ധതി ഫണ്ടിംഗ് പൂർത്തിയായ ഉടൻ ടി ഉദ്യോഗസ്ഥനെ വകുപ്പിലെ മറ്റ് ഒഴിവുകളിലേക്ക് പുനർവിന്യസിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ, GCDA യിൽ നിലവിലുള്ള ഈ

തസ്തികയിലേയ്ക്ക് യോഗ്യതയുള്ള ഉദ്യോഗസ്ഥന് താത്കാലികമായി സ്ഥാനക്കയറ്റം നൽകാവുന്നതാണ്.

2) **കരാർ/ദിവസവേതന ജീവനക്കാർ**

- മേൽ പട്ടികയിലെ കരാർ/ദിവസവേതന ജീവനക്കാരെ ജി.സി.ഡി.എ.-യുടെ തനത് ജീവനക്കാരായി കണക്കാക്കുവാൻ പാടുള്ളതല്ല. പകരം ലാൻഡ് പൂളിംഗ് പദ്ധതി സ്റ്റാഫ് ആയി പരിഗണിക്കുകയും, ഇവരുടെ നിയമനത്തിൽ ജി.സി.ഡി.എ.-വ്യക്തമാക്കേണ്ടതുമാണ്. യാതൊരു കാരണവശാലും പദ്ധതി കാലാവധിയ്ക്കു ശേഷം ടിയാളുകളെ സേവനത്തിൽ തുടരാൻ അനുവദിക്കാൻ പാടുള്ളതല്ല.
- സീനിയർ ടൗൺ പ്ലാനർ, കരാർ/ദിവസവേതന ജീവനക്കാർ എന്നിവരുടെ നിയമനത്തിന് ആവശ്യമായ മുഴുവൻ ചെലവുകളും ഇൻഫോപാർക്ക് ലഭ്യമാക്കുന്ന ഭരണച്ചെലവുകളിൽ നിന്നും വഹിക്കേണ്ടതും, അതിനാവശ്യമായ വ്യവസ്ഥ ഇൻഫോപാർക്കുമായുള്ള കരാറിൽ വ്യക്തമായി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ജി.സി.ഡി.എ. സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുമാണ്.
- അവരുടെ ശമ്പളത്തിനായി ജി.സി.ഡി.എ.-യിലെയും സർക്കാരിന്റെയും ഫണ്ടുകൾ ഒന്നും തന്നെ ഉപയോഗിക്കുവാൻ പാടുള്ളതല്ല.
- പട്ടികയിലുൾപ്പെട്ട മറ്റ് ജീവനക്കാരുടെ ആഭ്യന്തര ക്രമീകരണങ്ങളുടെ മുഴുവൻ ഉത്തരവാദിത്വവും ജി.സി.ഡി.എ.-യ്ക്കായിരിക്കും.
- മേൽ കരാർ/ദിവസവേതന ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ 10/02/2017-ലെ സ.ഉ.(സാധാ)നം. 384/2017/തസ്വഭവ, 19/04/2025-ലെ സ.ഉ.(അ) നം. 54/2025/ധന ഉത്തരവുകളിലെ വ്യവസ്ഥകൾ കർശനമായി പാലിച്ച് നിർണ്ണയിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫോപാർക്ക്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Alex G C
Date: 05-02-2026 10:45:23